**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 342** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങൾക്കായുള്ള തൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും നൈപുണ്യശേഷി വികസനത്തിനും തൊഴിൽ പരിശീലനത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; പ്രസ്തുത വിഭാഗക്കാർക്ക് സംരംഭകത്വ വികസന പരീശീലനവും സംരംഭങ്ങൾക്ക് മൂലധന പിന്തുണയും നൽകി വരുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട, തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിവര സാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എൻജിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാകുന്ന വിവിധ പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ സ്വയം തൊഴിൽ സബ്സിഡി പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിനായി വായ്പയെടുക്കുന്ന ഗുണഭോക്താവിന്റെ 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് മൂന്നിലൊന്ന് തുക (ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായി നൽകി വരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും, പരമാവധി 15 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രോജക്ടുകൾക്ക് 75% തുക, (പരമാവധി 10ലക്ഷം രൂപ) ജില്ലാതലത്തിൽ, പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. വിദേശത്ത് തൊഴിൽ തേടി പോകുന്ന അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീ യുവാക്കൾക്ക് യാത്രാസംബന്ധമായ ചെലവുകൾ നേരിടുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ സംരംഭകത്വ |

| | | | |
|---|---|---|---|
| | | | വികസനത്തിനായി വകുപ്പിന്റെ പദ്ധതിയായ സ്റ്റാർട്ട് അപ് മിഷൻ ഡ്രീംസ് പദ്ധതി കേരള സ്റ്റാർട്ട് അപ് മിഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് . റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. |
| (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കിത്തീർക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി തീർക്കുന്നതിന് വകുപ്പ് തലത്തിൽ നിലവിൽ പദ്ധതികൾ ഒന്നും തന്നെയില്ല. എന്നാൽ വകുപ്പിന്റെ ഐ.ടി.ഐ.കളിലെ ഭൗതിക സാഹചര്യവും അക്കാഡമിക് സൗകര്യവും വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (സി) | പ്രസ്തുത വിഭാഗങ്ങളിലെ അഭ്യസ്തവിദ്യർക്ക് സിവിൽ സർവ്വീസ് ഉൾപ്പെടെ സർക്കാർ സർവ്വീസിൽ ഉദ്യോഗം കരസ്ഥമാക്കുന്നതിനുള്ള പരിശീലന പരിപാടിയെക്കുറിച്ച് അറിയിക്കാമോ? | (സി) | കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തിവരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ നിയന്ത്രണത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി ICSETS മുഖേന വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. ICSETS മുഖേന പ്രവേശന പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്ന 30 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നതിനായി ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പദ്ധതി 2019-20 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മത്സര പരീക്ഷകളിൽ പരിശീലനം നൽകുന്നതിനായി വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലായി 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സ്റ്റാർട്ട് അപ് മിഷൻ ഡ്രീംസ് പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ

1. നാമമാത്രമായ ചെലവിൽ വേഗതയുള്ള ഇന്റർ നെറ്റ് സൗകര്യം ഉൾപ്പെടെ നിലവാരമുള്ള ഓഫീസ് സൗകര്യം മണ്ണന്തല അംബേദ്ക്കർ ഭവനിൽ തയ്യാറാക്കിയ ഇങ്കുബേറ്ററിൽ ലഭ്യമാകും.
2. പ്രത്യേകമായി തയ്യാറാക്കിയ ഇങ്കുബേഷൻ പരിപാടിയിലൂടെ മെന്ററിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ
3. പട്ടികജാതി വിഭാഗക്കാരായ സംരംഭകർക്ക് പലിശരഹിത സീഡ് ഫണ്ട്.
4. ഉത്പന്നം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള സഹായം.

സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും മികച്ചരീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്.

സെക്ഷൻ ഓഫീസർ